©
**കേരള സർക്കാർ**
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2026 മാർച്ച് 04<br>04th March 2026<br>1201 കുംഭം 20<br>20th Kumbham 1201<br>1947 ഫാൽഗുനം 13<br>13th Phalguna 1947 | നമ്പർ<br>No. | **937** |


കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VIII

[ചട്ടം 25(2) കാണുക]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 50-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം സർക്കാർ മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനം പ്രസിദ്ധീകരിച്ചതു സംബന്ധിച്ചുള്ള നോട്ടീസ്

റഫ. നം. തസ്വഭവ-ആർ.ഡി3/101/2026-തസ്വഭവ. തീയതി, തിരുവനന്തപുരം, *2026 മാർച്ച് 3.*

താഴെപ്പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ (തിരുവനന്തപുരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നഗരസഭയുടെ) മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9-ാം ആക്റ്റ്) 50-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക്: വെമ്പായം, പോത്തൻകോട്, അണ്ടൂർക്കോണം, കരകുളം ഗ്രാമപഞ്ചായത്തുകൾ

കിഴക്ക്: വിളപ്പിൽ, വിളവൂർക്കൽ, അരുവിക്കര, പള്ളിച്ചൽ ഗ്രാമപഞ്ചായത്തുകൾ

തെക്ക്: കല്ലിയൂർ, വെങ്ങാനൂർ, കോട്ടുകാൽ ഗ്രാമപഞ്ചായത്തുകൾ, ലക്ഷദ്വീപ് കടൽ

പടിഞ്ഞാറ്: കഠിനംകുളം ഗ്രാമപഞ്ചായത്ത്, ലക്ഷദ്വീപ് കടൽ

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ : ഇല്ല

(ബി) പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ : പ്രാബല്യത്തിലില്ല

(സി) കരട് വ്യതിയാനത്തിൽ ഉൾപ്പെടുത്തി റദ്ദാക്കാനുദ്ദേശിക്കുന്ന വിശദനഗരാസൂത്രണ പദ്ധതികൾ: ബാധകമല്ല.

(ഡി) നിലനിർത്തുന്ന വിശദനഗരാസൂത്രണ പദ്ധതികൾ : ബാധകമല്ല.

കരട് വ്യതിയാനത്തിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ കാര്യാലയത്തിൽ ലഭ്യമാണ്.

പ്ലാനിൽ താത്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും, അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം പ്രിൻസിപ്പൽ സെക്രട്ടറി ടു ഗവൺമെന്റ്, തദ്ദേശസ്വയംഭരണ വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 695001 എന്ന വിലാസത്തിൽ രേഖാമൂലം എഴുതി നൽകാവുന്നതാണ്.

അനുപമ ടി വി

*ഗവ. സെക്രട്ടറി*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.04 07:06:30 +05:30